**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1079** **30-06-2022 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കുമോ; | (എ) | എല്ലാ ഗ്രാമീണ വീടുകളിലും 2024 ഓടു കൂടി കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജലജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു. ഇത് കൂടാതെ 47.21 കോടി രൂപ ഭരണാനുമതി ലഭിച്ച കിഫ്ബി സാമ്പത്തിക സഹായത്തോടു കൂടി നടപ്പിലാക്കുന്ന എടവണ്ണ ഗ്രാമപഞ്ചായത്തിനു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി രണ്ട് പാക്കേജുകളായി നടന്നു വരുന്നു<br><br>പാക്കേജ് 1 - ജല ശുദ്ധീകരണ ശാലയും അനുബന്ധഘടകങ്ങളും - പ്രവൃത്തി പുരോഗമിച്ചു വരുന്നു 73% പൂർത്തിയായി.<br><br>പാക്കേജ് 2–വിതരണ ശൃംഖല- പ്രവൃത്തി പുരോഗമിച്ചു വരുന്നു. 74% പൂർത്തിയായി.<br><br>കൂടാതെ ഊർങ്ങാട്ടിരി പഞ്ചായത്തിലെ ജലനിധി ബൃഹത് കുടിവെള്ള പദ്ധതിയിൽ അഡീഷണൽ സമ്പ്, ടാങ്ക് എന്നിവ നിർമ്മിക്കുന്ന പ്രവൃത്തി സുസ്ഥിരത വികസന പദ്ധതി വഴി നടപ്പിലാക്കിവരുന്നു.<br><br>ഏറനാട് നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (2) ആയി ചേർക്കുന്നു.<br><br>ഏറനാട് നിയോജക മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (3) ആയി ചേർക്കുന്നു. |
| (ബി) | അരീക്കോട്, ഊർങ്ങാട്ടിരി പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് ബഹു. | (ബി) | അരീക്കോട്, ഊർങ്ങാട്ടിരി പഞ്ചായത്തുകളിൽ നടപ്പിലാക്കാനുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ |

| | | | |
|---|---|---|---|
| | മന്ത്രിയുടെ സാന്നിധ്യത്തിൽ കൂടിയ യോഗ തീരുമാനപ്രകാരം എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ഡിസൈൻ ചെയ്യാനുള്ള സർവ്വേ പ്രവൃത്തി 16/06/2022 ന് ടെൻഡർ ചെയ്തു. നിലവിലുള്ള ജലനിധി പദ്ധതിയുടെ സാങ്കേതിക പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചില പ്രത്യേക പ്രദേശങ്ങളിൽ പദ്ധതി വിപുലീകരണം വഴി സാധ്യമാകുന്ന ഇടങ്ങളിൽ വിപുലീകരണം മുഖേനയും സാധ്യമാകാത്ത പ്രദേശങ്ങളിൽ പുതിയ കുടിവെള്ള പദ്ധതികൾ മുഖേനയും കുടിവെള്ളമെത്തിക്കാൻ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ജലനിധി പദ്ധതി വിപുലീകരണം ഉൾപ്പെടെ 13 പദ്ധതികൾക്ക് 3,222 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ മയിലാടി കോളിനിയൊഴികെയുള്ള മറ്റ് പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്രോതസ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂജല വകുപ്പിൽ നിന്നും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഊർങ്ങാട്ടിരി പഞ്ചായത്തിനെ മഴവെള്ള സംഭരണി നിർമ്മാണത്തിനുള്ള പ്രവൃത്തികൾക്കായി 2022-23 വർഷത്തെ സുസ്ഥിരത വികസന പദ്ധതിയിൽ ഉൾക്കൊള്ളിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (1)**

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി നല്കിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇത് വരെ നൽകിയ കണക്ഷനുകളുടെ എണ്ണം (24.06.2022 വരെ) |
|---|---|---|---|---|
| 1 | അരീക്കോട് | 3980 | 870 | 1809 |
| 2 | എടവണ്ണ | 8812 | 2943.88 | 1835 |
| 3 | കാവനൂർ | 8861 | 2173.50 | 5706 |
| 4 | കീഴുപറമ്പ് | 4036 | 5790 | 535 |
| 5 | കുഴിമണ്ണ | 5548 | 2416 | 400 |
| 6 | ഊർങ്ങാട്ടിരി | 5106 | 3449.1 | 883 |
| 7 | ചാലിയാർ | 3881 | 4030.8 | 0 |
| **ആകെ** | | **40224** | **21673.28** | **11168** |

**അനുബന്ധം (2)**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|
| 1. | Maintenance works to LB canal of LIS Kannampalli | 2.80 | പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറി |
| 2. | Construction of an aqueduct between the Chainage 150 m and 165 m of LB canal of LIS Kothupara and repair works | 3.10 | പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറി |
| 3. | Repairs to RB canal of LB of Mangalasseri LI Scheme in Areekode Panchayath of Malappuram District | 2.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4. | FD-Side protection works to the Left Bank of Odakkayamthodu at Odakkayam in Urngattiri Panchayath in Malappuram District | 15.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5. | Annual maintenance of LI Scheme Chaliyar for the year 2021-22 in Areekode Panchayath | 4.00 | എഗ്രിമെന്റ് വെച്ചു. |
| 6. | MIRPA LIS urgent repairs to the suction pipes and repairs to canal of LIS Kothupara in Keezhuparamba Panchyath, Malappuram District | 10.00 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

**അനുബന്ധം (3)**

| ക്രമ നം. | പദ്ധതി | AS/TS തുക | ചെലവായ തുക | റിമാർക്സ് |
|---|---|---|---|---|
| 1. | കന്നംകുണ്ട് എസ്.ടി കോളനി കുഴൽക്കിണർ നിർമ്മാണം | 75,700 | 64,050 | പദ്ധതി പൂർത്തീകരിച്ചു. |
| 2. | GM യു.പി.സ്കൂൾ കിഴിശ്ശേരി ആലിൻചുവട് കുഴൽക്കിണർ റീ ചാർജ്ജ് | 2,65,000 | | സാങ്കേതികാനുമതി നല്കുന്നതിനായി സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുന്നു. |